# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/264/2016 <u>പത്രക്കുറിപ്പ്</u> 2016 ഡിസംബർ 13

പുതുക്കിയ തീയതി
ഡിസംബർ 6 ന് നടത്താൻ നിശ്ചയിച്ചിരുന്ന തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ ഒന്നാം സെമസ്റ്റർ ബി.എ. കഥകളി മദ്ദളം (സിബിസിഎസ്എസ് റഗുലർ/ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി)ഒക്ടോബർ 2016 പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 15 ന് കോളേജിൽ വച്ച് നടത്തും

പ്രാക്ടിക്കൽ പരീക്ഷ :
തൃപ്പൂണിത്തറ ആർ.എൽ.വി കോളേജിലെ ഒന്നാം സെമസ്റ്റർ(ബി.എ. റഗുലർ/സപ്ലിമെന്ററി) ഒക്ടോബർ 2016 ഭരതനാട്യം, മോഹിനിയാട്ടം, പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 16,19,20 തീയതികളിലും കഥകളി വേഷം പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 20നും കോളേജിൽ വച്ച് നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ ഒന്നാം സെമസ്റ്റർ ബി.എ. മ്യൂസിക് മൃദംഗം (സിബിസിഎസ്എസ് റഗുലർ/ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി) ഒക്ടോബർ 2016 പ്രാക്ടിക്കൽ പരീക്ഷ 2017 ജനുവരി 4,5 തീയതികളിൽ കോളേജിൽ വച്ച് നടത്തും. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

പരീക്ഷാ ഫലം
2016 ഏപ്രിലിൽ നടത്തിയ എൽ എൽ എം ഡിഗ്രി പ്രീവിയസ്/ഫൈനൽ ( വർഷിക സ്കീം- സപ്ലിമെന്ററി)/അഡീഷണൽ സ്പെഷലൈസേഷൻ ( ഓഫ് കാംപസ്) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 23 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം എസ് സി പോളിമർ കെമിസ്ട്രി (സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 23രെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം എം എച്ച് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 24 വരെ സ്വീകരിക്കും.

## മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ അന്തർദേശിയ പോളിമർ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു :

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച, അന്തർദേശീയ പോളിമർ കോൺഫറൻസ് എൻവയൺമെന്റ് സയൻസ് ഡയറക്ടർ ഡോ.സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ലോക പ്രശസ്തരായ 100 ൽ അധികം പോളിമർ സയന്റിസ്റ്റുകൾ പങ്കെടുക്കുന്ന ശില്പശാല, യൂണിവേഴ്സിറ്റിയിലെ ഇന്റർ നാഷണൽ യൂണിറ്റ് ഓൺ മാക്രോ മോളികുലർ സയൻസ് ആൻഡ് എഞ്ചിനിയറിംഗാണ് സംഘടിപ്പിച്ചത്. യോഗത്തിൽ, ജർമ്മനിയിൽ നിന്നുള്ള പ്രൊഫ: ജോർജ്ജ എച്ച് മിഷലിനേയുംപ്രോഫ: ആൻഡ്രൂസ് ഫെറെയും പൊന്നാട

അണിയിച്ചു ആദരിച്ചു. കോൺഫറൻസ് ചെയർമാൻ പ്രൊഫ: സാബുതോമസ്, ഡോ:നന്ദകുമാർ കളരിക്കൽ, ഡോ: ജിയ ജോസ് എന്നിവർ തദവസരത്തിൽ സംസാരിച്ചു. പോളിമർ പ്രോസസിംഗിലെ നവീന പ്രവണതകളും, സാധ്യതകളും, വെല്ലുവിളികളും ചർച്ചയാകുന്ന കോൺഫറൻസ് 11–ാം നീയതിയാണ് സമാപിക്കുന്നത്

## ശുദ്ധജലത്തിന്റെ ലഭ്യത കൂട്ടുന്ന സാങ്കേതിക വിദ്യ ഇന്നിന്റെ ആവശ്യം : വൈസ് ചാൻസിലർ ഡോ: ബാബു സെബാസ്റ്റ്യൻ

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലുള്ള, ഇന്റർ നാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജിയും, ഇംഗ്ലണ്ടിലെ ബാങ്കോർ സർവ്വകലാശാലയും, റോയൽ കെമിക്കൽ സൊസൈറ്റി, യൂകെ യും സംയുക്തമായി സംഘടിപ്പിക്കുന്ന ജലശുദ്ധീകരണ ശില്പശാല, വൈസ്ചാൻസിലർ ഡോ:ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ഡിസംബർ 12 മുതൽ 16 വരെ സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസ് സെമിനാർ ഹാളിൽ വച്ച് നടക്കുന്ന വർക്ക് ഷോപ്പിൽ, ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട 20 ശാസാത്രജ്ഞരും, യൂകെ യിൽ നിന്നുള്ള 15 ശാസ്ത്ര വിദഗ്ധരുമാണ് പങ്കെടുക്കുന്നത്. ലഭ്യമായ ജലത്തിന്റെ ശുദ്ധതയെ വർദ്ധിപ്പിക്കുന്ന നൂതന സാങ്കേതികവിദ്യ ഇന്നിന്റെ ആവശ്യമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ വൈസ്ചാൻസിലർ ഓർമ്മിപ്പിച്ചു. അതിലേക്കുള്ള പ്രവർത്തനത്തിൽ പ്രോഫ: സാബു തോമസിനേയും ഐ ഐ യു സി എൻ എൻ നെയും അതിന്റെ വികസന പ്രവർത്തനങ്ങളേയും വൈസ് ചാൻസിലർ ശ്ലാഘിച്ചു. ഡോ: ആർ ടി ദൂരൈ പ്രഭാകർ (ബാങ്കോർ സർവ്വകലാശാല, യൂകെ), ശ്രീമതി അതിഥി ശർമ്മ (ബ്രിട്ടീഷ് ഹൈ കമ്മീഷണർ ഓഫീസ്, ന്യൂഡൽഹി), പ്രൊഫ: സാബു തോമസ്, ഡോ: സൂര്യസാരഥി ബോസ് (ഐ ഐ എസ് സി ബാംഗ്ലൂർ), ഡോ: നന്ദകുമാർ കളരിക്കൽ എന്നിവർ പ്രസംഗിച്ചു. ജലശുദ്ധീകരണ മേഖലയ്ക്ക് ഈടുറ്റ സംഭാവനകൾ നൽകാൻ കഴിയുന്ന ശില്പശാല ശാസ്ത്ര ലോകം പ്രതീക്ഷയോടെയാണ് വീക്ഷിക്കുന്നത്.

## മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ സ്റ്റാർട്ട് അപ് എക്സിബിഷന് നാളെ തുടക്കം :

എംജി സർവ്വകലാശാലയുടെ കീഴിൽ ബിസിനസ്സ് ഇൻകുബേഷൻ ആൻഡ് ഇന്നവേഷൻ കേന്ദ്രത്തിൽ വിദ്യാർത്ഥി സംരഭകരുടെ സ്റ്റാർട്ട് അപ് പ്രൊജക്ടുകളുടെ പ്രദർശനവും വ്യവസായിക വൈജ്ഞാനിക ഭരണ രംഗത്തെ പ്രഗല്ഭർ നയിക്കുന്ന വിശദമായ ചർച്ചകളും ഡിസംബർ 15, 16 ന് സർവ്വകലാശാലയിൽ നടക്കും. കേരളാ സാങ്കേതിക സർവ്വകലാശാലയുടെ വൈസ് ചാൻസിലർ ഡോ: കുഞ്ചറിയ പി ഐസക് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ വൈസ് ചാൻസിലർ ഡാ:ബാബു സെബാസ്റ്റ്യൻ അധ്യക്ഷത വഹിക്കും. ഇതിനോടകം പ്രവർത്തനമാരംഭിച്ച ഈ സെന്ററിൽ യുവ വിദ്യാർത്ഥി സംരംഭകരെ കണ്ടെത്തി അവരുടെ സംരംഭം പ്രാവർത്തികമാക്കാനുള്ള മുഴുവൻ സഹായവും പരിശീലനവും പേറ്റന്റ്, ട്രേഡ്മാർക് തുടങ്ങി രജിസ്ട്രേഷനുകൾക്കായുള്ള മാർഗ നിർദ്ദേശങ്ങളും നൽകുന്നുണ്ട്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)